LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായ നവീകരണം

22 [3461] *ശ്രീ. സി. പി. മുഹമ്മദ്*:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. ബാബു:
,, *എൻ. ഡി. അപ്പച്ചൻ*:
,, *ജി. പ്രതാപവർമ്മ തമ്പാൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കൈത്തറി വ്യവസായത്തെ നവീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കേന്ദ്രത്തിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി വിദേശ വിപണിക്കാവശ്യമായ വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിന് എൻ. ഐ. ഡി., എൻ. ഐ. എഫ്. റ്റി. തുടങ്ങിയ ഏജൻസികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തിവരുന്നുണ്ട്. കൂടാതെ, കൈത്തറി വസ്ത്രങ്ങൾക്ക് പ്രത്യേക ബ്രാന്റ് നൽകി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആഭ്യന്തര-വിദേശ വിപണിയിൽ വിറ്റഴിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആകർഷകമായ വസ്ത്രങ്ങൾ നെയ്യുന്നതിന് ജക്കാഡ്, ഡോബി തുടങ്ങിയ ഉപകരണങ്ങൾ തറികളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

(സി) ഉണ്ട്. വിദേശവിപണി ലക്ഷ്യമാക്കി നടത്തുന്ന പദ്ധതിയിൻകീഴിൽ ഇതുവരെ 5.07 കോടി രൂപയുടെ 18 പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിൽ 2.12 കോടി രൂപയുടെ 5 പ്രോജക്ടുകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചു.

ഹാന്റ്‌ലൂം സിൽക്കിന് റിബേറ്റ്

23 [3462] *ശ്രീ. എം. എം. ഹസ്സൻ*:
,, *എം. മുരളി*:
,, *പി. ജെ. ജോയി*:
,, *പി. ടി. തോമസ്*:
,, *ടി. യു. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റ്ലൂം സിൽക്കിന് റിബേറ്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കാമോ;

(ബി) വർഷം മുഴുവൻ കൈത്തറി സിൽക്കിന് റിബേറ്റുണ്ടോ;

(സി) സംഘടിത യന്ത്രവൽകൃത സിൽക്ക് വ്യവസായവുമായി മത്സരിക്കുന്ന കൈത്തറി സിൽക്ക് തുണിക്ക് വർഷം മുഴുവൻ റിബേറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈത്തറി മേഖലയിൽ സിൽക്ക് ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന റിബേറ്റും മാർക്കറ്റിംഗ് ഇൻസെന്റീവും സഹകരണ മേഖലയിലെ സ്ഥാപനങ്ങൾക്കും ഹാൻവീവിനും നൽകിവരുന്നുണ്ട്. നിശ്ചിത ദിവസങ്ങളിൽ മാത്രമായി റിബേറ്റ് 20 ശതമാനവും 2004-2005-ൽ മാർക്കറ്റിംഗ് ഇൻസെന്റീവ് 4 ശതമാനവുമാണ് ഹാന്റക്സിനും ഹാൻവീവിനും നൽകുന്നത്.

(ബി) ഇല്ല.

(സി) കൈത്തറി സിൽക്ക് വസ്ത്രങ്ങൾക്ക് മാത്രമായി വർഷം മുഴുവനും റിബേറ്റ് നൽകുക പ്രായോഗികമല്ല.

കൈത്തറി മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി പുതിയ പദ്ധതി

24 [3463] *ശ്രീ. വി. ജെ. പൗലോസ്*:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എം. ഹസ്സൻ:

,, *വർക്കല കഹാർ*:

,, *എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(ബി) ഇവരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly